പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6168 | 02.04. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ തസ്തിക

ചോദ്യം

ശ്രീ.കെ.ആൻസലൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.സബ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ നിയമന നിരോധനം ഉണ്ടോ; ഇല്ലാ എങ്കിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) സബ് എഞ്ചിനീയർ തസ്തികയിൽ യാതൊരു നിയമന നിരോധനവും ഇല്ല. നിലവിൽ നേരിട്ടുള്ള നിയമനങ്ങൾ നടത്തുന്ന ക്വാട്ടയിൽ ഒഴിവുകൾ ഇല്ല. |
| (ബി) സബ് എഞ്ചിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രമോഷൻ നൽകുന്നതിന് നിലവിൽ എത്ര ഒഴിവുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ പരി - ഗണിക്കുന്നതിന് ഐ.റ്റിഐ.ഡിപ്ലോമ ,എഞ്ചിനീയറിംഗ് എന്നീ വിഭാഗത്തിൽ നിന്നും പ്രത്യേക ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പ്രമോഷൻ വഴി നികത്തേണ്ട ആകെ 238 ഒഴിവുകൾ ഉണ്ട്. പ്രൊമോഷനുവേണ്ടി ഐ.റ്റി.ഐ & ഡിപ്ലോമ എന്നീ ക്വാട്ടകളാണ് നിലവിലുള്ളത്. ഐ.റ്റി.ഐ. ക്വാട്ടയിൽ 180 ഉം ഡിപ്ലോമ ക്വാട്ടയിൽ 58 ഒഴിവുകളുമാണ്. (ഐ.റ്റി. ഐ. ക്വാട്ടയിൽ 20 ശതമാനവും ഡിപ്ലോമ ക്വാട്ടയിൽ 30 ശതമാനവും). |
| (സി) സബ് എഞ്ചിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിലേയ്ക്ക് പ്രമോഷൻ നൽകുന്നതിനു പ്രത്യേക കോടതി വിധി നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രമോഷന്റെ ആനുപാതം എത്ര എന്ന് വ്യക്തമാക്കാമോ? | (സി) സ്ഥാനകയറ്റം നൽകണം എന്ന് നിഷ്കർഷിക്കുന്ന വിധികൾ നിലവിലില്ല. സ്ഥാനകയറ്റം നൽകുമ്പോൾ അനുപാതം നിശ്ചയിക്കേണ്ടത് നിലവിലുള്ള ഒഴിവുകളെ അടിസ്ഥാനമാക്കി എന്ന സിംഗിൾ ബെഞ്ചിന്റെ വിധിക്കെതിരെ ബോർഡ് 2788/2015 എന്ന റിട്ട് അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്,. ഈ റിട്ട് അപ്പീൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ